"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് - ഫീസ് ഈടാക്കി GIS സംബന്ധിച്ച ഹ്രസ്വകാല പരിശീലന പരിപാടി - സംഘടിപ്പിക്കുന്നത് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.166/2025/P&EA തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:- ഭൂവിനിയോഗ കമ്മീഷണറുടെ 11.02.2025, 19.06.2024 തീയതികളിലെ എൽ.യു.ബി/231/2024-TA നമ്പർ കത്തുകൾ

**ഉത്തരവ്**

ഭൂവിനിയോഗ ബോർഡിന്റെ Geographic Information System(GIS) ലാബിലേയും കോൺഫറൻസ് ഹാളിലേയും സജ്ജീകരണങ്ങൾ വിനിയോഗിച്ച്, ഭൂവിനിയോഗ ബോർഡിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ, ഗവേഷകർ, വിദ്യാർത്ഥികൾ, സർക്കാർ ഇതര ജീവനക്കാർ എന്നിവർക്കായി 20 പേര് അടങ്ങുന്ന 13 ബാച്ചുകളിലായും ഭൂവിനിയോഗ ബോർഡിന്റെ തൃശ്ശൂരിലുള്ള മേഖല കാര്യാലയത്തിൽ 20 മുതൽ 25 പേര് അടങ്ങുന്ന 6 ബാച്ചുകളിലായും ഒരാൾക്ക് 3550/- രൂപ (അതായത് ഒരു ദിവസത്തേക്ക് per head ആയി ഉദ്ദേശം 1117/-രൂപ) നിരക്കിൽ ഫീസ് ഈടാക്കി കൊണ്ട് GIS ൽ ഒരു ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം പ്രകാരം ഭൂവിനിയോഗ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്ന് ദിവസത്തെ പരിശീലന പരിപാടിയ്ക്ക് ഒരു വ്യക്തിയിൽ നിന്നും 3350/- രൂപ നിരക്കിൽ ഫീസ് ഈടാക്കി സർക്കാർ ഉദ്യോഗസ്ഥർ അല്ലാതെയുള്ള വ്യക്തികൾക്ക് പരിശീലനം നൽ കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾ ക്ക് വിധേയമായി ഭൂവിനിയോഗ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രതിദിന പരിശീലനം നൽകുന്നതിന് സർക്കാർ സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് ഒരു

വ്യക്തിയിൽ നിന്നും ഒരു ദിവസത്തേയ്ക്ക് ഈടാക്കുന്ന തുകയിൽ നിന്നും 25% സർക്കാർ ഖജനാവിൽ ഒടുക്കേണ്ടതാണ്.

2. പരിശീലന ഫീസായി വാങ്ങുന്ന മേല്പറഞ്ഞ തുകയിൽ കൂടുതലുള്ള തുക ടി ആവശ്യത്തിനായി തുറക്കുന്ന TSB Account-ൽ നിക്ഷേപിച്ചുകൊണ്ട് പരിശീലന പരിപാടികളുടെ വരവിനും ചെലവിനും സഞ്ചിത നിധിക്ക് പുറത്ത് പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതാണ്.

3. പരിശീലന ചെലവുകൾ കഴിഞ്ഞ് പ്രസ്തുത അക്കൗണ്ടിൽ ഒരോ സാമ്പത്തിക വർഷവും അവസാനം അവശേഷിക്കുന്ന തുക സർക്കാരിന്റെ വരവ് ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ് (27/3/2025-ലെ 2845024: EXP B3/193/2024-FN പ്രകാരം)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sajith T

Date: 22-04-2025 13:10:58

സെക്ഷൻ ഓഫീസർ